# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *23** — **04/06/2018-ൽ മറുപടിക്ക്**

## നിപാ വൈറസ് പനി നിയന്ത്രണം

**ചോദ്യം**

**ശ്രീ.സി. കെ. ശശീന്ദ്രൻ**
**,, എ. പ്രദീപ്കുമാർ**
**,, പി.വി. അൻവർ**
**,, വി. കെ. സി. മമ്മത് കോയ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) കോഴിക്കോട് ജില്ലയിൽ ഉണ്ടായ മാരകമായ നിപാ വൈറസ് പനി വ്യാപകമാകാതിരിക്കുന്നതിന് കൈക്കൊണ്ട മുൻകരുതൽ നടപടികൾ വിശദമാക്കാമോ;

എ) വിഷയത്തിന്റെ ഗൗരവം ശ്രദ്ധയിൽപെട്ടയുടൻ ആരോഗ്യവകുപ്പ് ഡയറക്ടർ, ആവശ്യമായ സാമ്പിളുകൾ ശേഖരിക്കുന്നതിനും അവ പരിശോധനക്കായി അയക്കുന്നതിനെക്കുറിച്ചും ദ്രുതകർമ്മ സേന വിളിച്ചുകൂട്ടി അനന്തര മേൽ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകി. തുടർ മരണം ശ്രദ്ധയിൽപെട്ടപ്പോൾ ടി മരണം നടന്ന സ്വകാര്യ ആശുപത്രിയിലെ ഡോക്ടർമാരോട് മരണപ്പെട്ട ആളുടെ പോസ്റ്റ്മോർട്ടം എല്ലാവിധ മുൻകരുതലോടുംകൂടെ ചെയ്ത് രോഗനിർണയം നടത്തുന്നതിനാവശ്യമായ സാമ്പിളുകൾ ശേഖരിക്കാൻ നിർദേശം നൽകി. അതോടൊപ്പം മണിപ്പാൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തി. നിപ വൈറസ് ബാധ സ്ഥിരീകരിച്ചതോടെ പൊതു ജനങ്ങളുടെ സംശയനിവാരണത്തിന് കൺട്രോൾ റൂം തുടങ്ങി. മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ രോഗവാഹകരെന്ന് സംശയിക്കുന്ന മൃഗങ്ങളുടെയും രോഗപകർച്ച സംശയിക്കുന്ന പഴങ്ങളുടെയും സാമ്പിളുകൾ പരിശോധനയ്ക്ക് അയച്ചു. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പ് മന്ത്രിയും ആരോഗ്യ ജാഗ്രത പ്രവർത്തനങ്ങൾക്കായി ജില്ലയുടെ ചാർജുള്ള ബഹുമാനപ്പെട്ട തൊഴിൽ വകുപ്പ് മന്ത്രിയും ആരോഗ്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബോധവത്കരണ-പ്രതിരോധപ്രവർത്തനങ്ങൾ സസൂക്ഷ്മം നിരീക്ഷിക്കുകയും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുകയും ചെയ്തു.

| | | | |
|---|---|---|---|
| | | | നിപ വൈറസ് മൂലമുള്ള പനി നേരിടുന്നതിനായി ആശുപത്രികൾ സുസജ്ജമാക്കിയിട്ടുണ്ട്. നിപ വൈറസ് ബാധ മൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനി ബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്ന് ലഭ്യമാക്കിയിട്ടുണ്ട്. രോഗം പകരുന്നത് തടയാനും, വരാതിരിക്കാനും വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ/ക്ലാസ്സുകൾ ജീവനക്കാർക്ക് നൽകിയിട്ടുണ്ട്. മാസ്ക്, ഏപ്രൺ, ഹാന്റ് റബ്ബ്, ഹാന്റ് വാഷ്(PPE Kit) തുടങ്ങിയ അടിസ്ഥാനപരമായ പ്രതിരോധ ഉപാധികൾ ആവശ്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന രോഗികളുടെ തിരക്ക് കുറയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രിയിലെത്തുന്ന പൊതുജനങ്ങൾക്ക് ആവശ്യമായ അവബോധം നൽകി വരുന്നുണ്ട് കൂടാതെ ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്ന ജീവനക്കാരുടെ ഫോൺ നമ്പർ അടക്കമുള്ള വിശദവിവരങ്ങൾ ശേഖരിക്കുന്നുണ്ട്. |
| ബി) | രോഗബാധിതർക്ക് അടിയന്തരമായി ശുശ്രൂഷ നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ; | ബി) | നിപ വൈറസ് ബാധമൂലമുള്ള പനി ചികിത്സിക്കുന്നതിന് ആവശ്യമുള്ള ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സജ്ജമാക്കിയിട്ടുണ്ട്. പനി ബാധിതരെ ചികിത്സിക്കുന്നതിനായി പ്രത്യേക ഐസൊലേഷൻ വാർഡ് സംവിധാനം ഒരുക്കിയിട്ടുണ്ട്. ആവശ്യമായ മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. |
| സി) | നിപാ പോലുള്ള വൈറസ് പനി സ്ഥിരീകരിക്കാനായി പൂനെയിലുള്ള വൈറോളജി ഗവേഷണ കേന്ദ്രത്തിനെ ആശ്രയിക്കേണ്ടി വരുന്നത് മൂലം ചികിത്സയ്ക്ക് കാലവിളംബം ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനായി സംസ്ഥാനത്തുതന്നെ അത്യാധുനിക വൈറസ് നിർണ്ണയ സ്ഥാപനം തുടങ്ങാനുള്ള ശ്രമത്തിന്റെ പുരോഗതി അറിയിക്കാമോ; | സി) | എം.സി.വി.ആർ, മണിപ്പാൽ, എൻ.ഐ.വി പൂനെ എന്നിവിടങ്ങളിൽ നിന്നും സാമ്പിൾ കൊടുത്ത് 24 മണിക്കൂറിനകം പരിശോധനാ ഫലം ലഭ്യമാക്കുന്നുണ്ട്. ഇത്രെയും സമയം ഏതൊരു ലാബിലാണെങ്കിലും പരിശോധനക്കായി എടുക്കുന്നതാണ്. സംസ്ഥാനത്തുതന്നെ അത്യാധുനിക വൈറസ് നിർണ്ണയ സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിച്ച് വരുന്നു. |
| ഡി) | മഴക്കാല വൈറസ് പനിബാധ നിയന്ത്രണ വിധേയമാക്കാനായി | ഡി) | കാലവർഷത്തിന് മുന്നോടിയായുള്ള ശുചീകരണ പ്രവർത്തനങ്ങൾ |

| | |
|---|---|
| സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?. | നടന്നുകൊണ്ടിരിക്കുന്നു. ആശുപത്രിയിൽ പനിബാധിച്ച് ചികിത്സ തേടുന്നവർക്ക് പ്രത്യേക ഫീവർ ക്ലിനിക്ക് കാലവർഷാരംഭത്തോടുകൂടി തുടങ്ങുന്നതാണ് ഇതിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും ആവശ്യം വേണ്ട മരുന്നുകളും ക്രമീകരിക്കുന്ന നടപടി പുരോഗമിക്കുന്നു. കൂടാതെ പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിനായി ആരോഗ്യ വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും സഹകരണത്തോടെയും ഏകോപനത്തോടേയും ഉള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വർഷം മുഴുവൻ നീണ്ടു നിൽക്കുന്ന ആരോഗ്യജാഗ്രത 'പ്രതിദിനം പ്രതിരോധം' എന്ന കർമ്മ പരിപാടി നടപ്പിലാക്കി വരുന്നു. അതിന്റെ ഭാഗമായി ആരോഗ്യവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണയം നടത്തുകയും വ്യക്തി ശുചിത്വം, പരിസരശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗ പ്രതിരോധ ബോധവത്കരണം നടത്തുകയും ചെയ്യുന്നുണ്ട്. അതോടൊപ്പം മരുന്നുകളും ടെസ്റ്റ് കിറ്റുകളും കെ.എം.എസ്.സി.എൽ വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**